I/93682/2023

നം. DDDKER/2157/2023-TC

ക്ഷീരവികസന വകുപ്പ്ഡയറക്ടറേറ്റ്
പട്ടം,തിരുവനന്തപുരം-695004
ഫോൺ:0471-2445749,2445799
e-mail:cru.ddd@kerala.gov.in
തീയതി: 12/07/2023

## സർക്കുലർ നം: 36/2023

വിഷയം:- ക്ഷീരവികസന വകുപ്പ്- ഗുണനിയന്ത്രണ വിഭാഗം-പാൽ ഗുണമേന്മ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

കേരളത്തിൽ ഉൽപാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ക്ഷീരസഹകരണ സംഘങ്ങൾ, എൻ.ജി.ഒ കൾ, വിവിധ കർഷക കൂട്ടായ്മകൾ എന്നിവരുടെ സഹകരണത്തോടെ നിരന്തരമായി നടത്തപ്പെടുന്ന ഒരു പ്രവർത്തനമാണ് പാൽ ഗുണനിലവാര ബോധവൽകരണ പരിപാടികൾ. ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ രാസ-അണു ഗുണനിലവാരം വർദ്ധിപ്പിക്കുക, കർഷകർക്ക് മികച്ച പാൽ വില ലഭ്യമാക്കുക എന്നിവ ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം കർശനമാക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ശുദ്ധമായ പാലുല്പാദനത്തിൽ നാം ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പശുക്കളുടെ ആരോഗ്യം, പാലുല്പാദിപ്പിക്കുന്ന പരിതസ്ഥിതി, പശുപരിപാലന മാർഗ്ഗങ്ങൾ എല്ലാം പാലിന്റെ ഗുണനിലവാരത്തെ ബാധിക്കുന്നുണ്ട്. ശുദ്ധമായ പാലുല്പാദനത്തിൽ ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങളെകുറിച്ച് കർഷകർക്ക് വ്യക്തമായ ഒരു അവബോധം ഉണ്ടാക്കുക എന്നതാണ് ഈ ബോധവൽകരണ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. ഗുണനിലവാരം കുറഞ്ഞ പാൽ സംഭരിക്കുകയും, വിപണനം നടത്തുകയും ചെയ്യുന്ന ക്ഷീരസംഘങ്ങൾ, പുതിയ ക്ഷീരസംഘങ്ങൾ എന്നിവർക്ക് മുൻഗണന നൽകി വേണം ക്ഷീരസംഘങ്ങളെ പരിപാടിക്കായി തെരഞ്ഞെടുക്കേണ്ടത്. പരമ്പരാഗത ക്ഷീരസംഘങ്ങളുടെ കാര്യത്തിൽ ഗുണനിയന്ത്രണ ഓഫീസർമാർ നേരിട്ട് പരിശോധിച്ച് ഗുണനിലാരം കുറഞ്ഞ സംഘങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്.
2. ക്ഷീരസംഘങ്ങളുടെ പാൽ സംഭരണം ഗുണനിലവാരം എന്നിവ സംബന്ധിച്ച റിപ്പോർട്ട്

Q.C.O തയ്യാറാക്കി ഡെപ്യൂട്ടി ഡയറക്ടർക്കു നൽകേണ്ടതും ആയത് പ്രതിമാസ യോഗങ്ങളിൽ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, ഗുണനിയന്ത്രണ ഓഫീസർ, ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ എന്നിവർ സംയുക്തമായി ചർച്ച ചെയ്തു പാൽ ഗുണനിലവാര ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കേണ്ട ക്ഷീരസംഘങ്ങളെ അന്തിമമായി തീരുമാനിക്കേണ്ടതാണ്. Q.A.P യുടെ നോട്ടീസ് തയ്യാറാക്കി ഒരാഴ്ചയ്ക്ക് മുമ്പായെങ്കിലും ഡയറക്ടറേറ്റിൽ അയച്ചു തരേണ്ടതാണ്. കൂടാതെ Q.A.P യുടെ ജില്ലാതല റിപ്പോർട്ടും എല്ലാ മാസവും സമർപ്പിക്കേണ്ടതാണ്.

3. പരിപാടി സംഘടിപ്പിക്കുന്ന ദിവസം രാവിലത്തെയോ, തലേദിവസത്തേയോ പാൽ സംഭരണം ഗുണനിയന്ത്രണ ഓഫീസറും സംഘവും നേരിൽ കാണേണ്ടതും കർഷകർ കൊണ്ടുവരുന്ന എല്ലാ സാമ്പിളുകളും ബൾക്ക് സാമ്പിളും ക്ഷീരസംഘം പരിശോധിക്കുന്നതിനൊടൊപ്പം പ്രത്യേകമായി Q.C.O ലാബിലും പരിശോധിക്കേണ്ടതാണ്. പരിശോധനയിൽ കൊഴുപ്പ്, എസ്.എൻ.എഫ് പരിശോധനക്ക് പുറമേ അഫ്ലാടോക്സിൻ, ആന്റിബയോട്ടിക്ക്, അഡൽറ്ററേഷൻ, എം.ബി.ആർ.റ്റി (Random samples) എന്നീ പരിശോധനകൾ കൂടി നടത്തേണ്ടതാണ്. ഗുണനിലവാരം കുറഞ്ഞ പാൽ, മായം കലർന്ന പാൽ എന്നിവ കൊണ്ടുവരുന്ന കർഷകരുടെ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

4. QAP ദിവസം സംഘം സംഭരിച്ച പാലിന്റെ തൂക്കവും, സംഘത്തിന്റെ ബൾക്ക് മിൽക്ക് സാമ്പിളും മിൽമാ റിസൽറ്റുമായി ഒത്തുനോക്കി വ്യത്യാസം ഇല്ലെന്ന് ഉറപ്പാക്കേണ്ടതാണ്. Q.A.P ദിവസം പാൽ സംഭരണത്തിനു മുമ്പായി പാൽ സംഭരണത്തിനു ആവശ്യമായ എല്ലാ ഉപകരണങ്ങളും ഉണ്ടെന്നും ആയത് കൃത്യമാണെന്നും കാലിബ്രേറ്റ് ചെയ്ത് ഉറപ്പാക്കേണ്ടതാണ്.

5. S.D.L/R.D.L നിന്നും കാലിബ്രേറ്റ് ചെയ്ത ലാക്റ്റോമീറ്റർ, തെർമോമീറ്റർ എന്നിവ അനലൈസറുമായി താരതമ്യം ചെയ്ത് അനലൈസർ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. റീഡിങ്ങിൽ 0.2 പോയിന്റിലധികം വ്യത്യാസം കാണിക്കുന്ന പക്ഷം സർവ്വീസ് ചെയ്യുന്നതിനു രേഖാമൂലം നിർദ്ദേശം നൽകേണ്ടതാണ്.

6. ക്ഷീരസംഘം ഗുണനിലവാര പരിശോധന നടത്തി നിലവിലുള്ള ചാർട്ട് പ്രകാരമുള്ള കൃത്യമായ വില തന്നെയാണോ കർഷകർക്ക് നൽകുന്നത് എന്ന് പരിശോധിക്കേണ്ടതാണ്.

I/93682/2023

സോഫ്റ്റ്‌വെയർ മുഖേന പാൽ വില നിർണ്ണയിക്കുന്ന സംഘങ്ങളിൽ ചാർട്ട് അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

7. ഗുണനിലവാരം തീരെ കുറഞ്ഞ പാൽ ഉൽപാദിപ്പിക്കുന്ന കർഷകരുടെ ഭവനങ്ങൾ സംഘം ഭാരവാഹികൾക്കൊപ്പം സന്ദർശിച്ച് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കേണ്ടതും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. തുടർന്ന് ഈ കർഷകരെ ബ്ലോക്ക് ക്ഷീരവികസന ഓഫീസറും, ഡെയറി ഫാം ഇൻസ്ട്രക്ടർമാരും അവരുടെ കർഷക ഭവന സന്ദർശന പട്ടികയിൽ ഉൾപ്പെടുത്തേണ്ടതും പാൽ ഗുണനിലവാരം വർദ്ധിച്ചിട്ടുണ്ടോ എന്ന് തുടർച്ചയായി വിലയിരുത്തേണ്ടതുമാണ്. തുടർച്ചയായി കൊഴുപ്പ കുറഞ്ഞ പാൽ ഉൽപാദിപ്പിക്കുന്ന പശുക്കൾക്ക് ബി.ഐ.എസ് അംഗീകൃത ബൈപാസ് തീറ്റകളോ കൊഴുപ്പ് വർദ്ധിപ്പിക്കുവാൻ ഉതകുന്ന മറ്റ് തീറ്റ വസ്തുക്കളോ നൽകുന്നതിനു നിർദ്ദേശം നൽകാവുന്നതാണ്.

8. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 03.11.2021 തീയതിയിലെ DDDKER/2220/2021/TC നമ്പർ സർക്കുലർ (സർക്കുലറിൽ നം.39) പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്..

9. ഗുണനിയന്ത്രണ ഓഫീസറുടെ പരിശോധനാഫലം, സംഘം പരിശോധനാഫലം എന്നിവ താരതമ്യം ചെയ്ത് വ്യത്യാസമില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. വ്യത്യാസമുള്ളപക്ഷം ആയതിന്റെ കാരണം കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. പരിശോധനാ ഉദ്യോഗസ്ഥർ ഗർബർ ടെസ്റ്റ് സംവിധാനം ഉൾപ്പെടെയുള്ള പരിശോധനകൾ സംഘത്തിൽ നടത്തേണ്ടതാണ്.

10. സംഘത്തിലും, സംഭരണ കേന്ദ്രങ്ങളിലും പാൽ സംഭരണത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പാൽ സംഭരണത്തിനാവശ്യമായ വെളിച്ചം, പാൽ അളന്ന് എടുക്കുന്നതിന് കാലിബ്രേറ്റ് ചെയ്തതും, കൃത്യത ഉറപ്പാക്കിയതുമായ വെയിംഗ് ബാലൻസ്, കാലിബ്രേറ്റ് ചെയ്ത ലാക്ടോമീറ്റർ, EMT Analyser എന്നിവ ഉണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്. മിൽക്ക് അനലൈസർ ഫലം, ഗർബർ ടെസ്റ്റുമായി താരതമ്യം ചെയ്ത് വിലയിരുത്തേണ്ടതാണ്. ഫാറ്റ് റീഡിങ്ങിൽ വ്യത്യാസം ഉള്ളപക്ഷം അനലൈസർ സർവ്വീസ് ചെയ്ത ശേഷം മാത്രം ഉപയോഗിക്കുന്നതിനു നിർദ്ദേശം നൽകേണ്ടതാണ്.

11. AMCU ഉപയോഗിച്ച് പാൽ സംഭരണവും ഗുണനിലവാര പരിശോധനയും നടത്തുന്നിടത്ത് പരിശോധനാ ഫലം പ്രിന്റ് ഔട്ട് നൽകുന്നുണ്ടെന്നും ബാക്കിയുള്ള സംഘങ്ങളിൽ ആയത് ടെസ്റ്റ് നോട്ടിൽ എഴുതി നൽകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

I/93682/2023

12. പാൽ ഗുണനിലവാര ബോധവൽകരണ പരിപാടിയുടെ ഭാഗമായി നടത്തപ്പെടുന്ന ചർച്ചാ ക്ലാസ്സുകൾ ആ പ്രദേശത്തെ ക്ഷീരകർഷകർക്കും, ക്ഷീരസംഘത്തിനും ആവശ്യമുള്ള വിഷയത്തിലൂന്നി പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനു സഹായകരമാകുന്ന രീതിയിൽ സംഘടിപ്പിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.
13. ചർച്ചാ ക്ലാസ്സുകളിൽ കുറഞ്ഞത് 40 കർഷകരെങ്കിലും പങ്കെടുത്തിരിക്കണം എന്ന് ഉറപ്പാക്കേണ്ടതാണ്. ഓരോ സംഘത്തിലും ഗുണനിലവാരം കുറഞ്ഞ പാൽ നൽകുന്ന കർഷകരെ നിർബന്ധമായും ക്ലാസ്സുകളിൽ പങ്കെടുപ്പിക്കേണ്ടതാണ്.
14. ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി ആവശ്യമെങ്കിൽ ക്ഷീരപരിശീലനകേന്ദ്രം ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
15. പരിപാടി സംബന്ധമായ പരസ്യം നൽകുന്നതിനും, ഹാൾ ക്രമീകരണം നടത്തുന്നതിനും, ട്രെയിനിങ്ങ് മെറ്റീരിയൽസ് നൽകുന്നതിനും, പ്രദർശനങ്ങൾ നടത്തുന്നതിനും, ലഘുഭക്ഷണം നൽകുന്നതിനും മാത്രമായി ചെലവുകൾ നിജപ്പെടുത്തേണ്ടതാണ്.
16. ഗുണനിലവാര ബോധവൽകരണ പരിപാടി സംഘടിപ്പിക്കപ്പെട്ട ക്ഷീരസംഘങ്ങളുടെ ഗുണനിലവാരം വർദ്ധിച്ചിട്ടുണ്ടെന്നും ആയത് നിലനിർത്തുന്നുണ്ടെന്നും ഓരോ മാസവും ഗുണനിയന്ത്രണ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. ഇതിലേക്ക് ബ്ലോക്ക് തല ക്ഷീരവികസന ഓഫീസർ, ഡി.എഫ്.ഐ എന്നിവർ ഈ സംഘങ്ങളെ നിരന്തരം മോണിറ്റർ ചെയ്യേണ്ടതാണ്. കൂടാതെ ഗുണനിയന്ത്രണ ഓഫീസർമാർ, ക്ഷീരവികസന യൂണിറ്റുകളിൽ നടത്തുന്ന പ്രതിമാസ യോഗങ്ങളിൽ പങ്കെടുത്ത് Q.A.P നടത്തിയ സംഘങ്ങളുടെ ഗുണനിലവാരം വർദ്ധിച്ചു എന്ന് ഉറപ്പാക്കേണ്ടതും ആയത് നിലനിർത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
17. QAP നടത്തിയ സംഘങ്ങളുടെ റിപ്പോർട്ട് മാസാന്ത്യ യോഗങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഗുണനിലവാരം കുറയുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

Signed by
Ramgopal R
Date: 14-07-2023 17:39:03

ഡയറക്ടർക്കുവേണ്ടി